**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

**പ്രസിഡൻ്റ്** — **കെ.പി.ധനപാലൻ Ex.MP**

**ജനറൽ സെക്രട്ടറി** — **സിബിക്കുട്ടി ഫ്രാൻസിസ്**

തിരുവനന്തപുരം
14.08.2017

**നമ്പർ. 7/2017**

**<u>സർക്കുലർ</u>**

സുഹൃത്തേ,

10-08-2017 വ്യാഴാഴ്ച രാവിലെ കൃത്യം 11 ന് പ്രസിഡൻ്റിൻ്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് കൗൺസിൽ ചേർന്നു. താഴെ പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്തു. സ്റ്റേറ്റ് കൗൺസിലിൽ 142 അംഗങ്ങൾ പങ്കെടുത്തു.

സംസ്ഥാന സമ്മേളനത്തിൽ സെമിനാറുകൾ, പഠന ക്ലാസ്സുകൾ, വനിതാ സമ്മേളനം, മുൻകാല നേതാക്കളെ ആദരിക്കൽ തുടങ്ങിയ നിരവധി കാര്യപരിപാടികൾ നടത്തണമെന്ന് സ്റ്റേറ്റ് കൗൺസിൽ നിർദ്ദേശിച്ചു. KEEC എല്ലാ വിഭാഗങ്ങളെയും മാതൃ സംഘടനയോട് സംസ്ഥാന സമ്മേളനത്തിനുമുമ്പ് ചേർക്കുവാനും കൗൺസിൽ നിർദ്ദേശിച്ചു. സംസ്ഥാന സമ്മേളനം റാലിയിൽ കലാരൂപങ്ങൾ വേണമെന്നും പ്രോത്സാഹന സമ്മാനം നൽകണമെന്നും പവർ ക്വിസ് നടത്തണമെന്നും നിർദ്ദേശം വന്നു. 15 അംഗത്തിന് 1 അംഗം fraction 1 എന്ന കണക്കിൽ delegates നെ നൽകുവാനും നിലവിലുള്ള സംസ്ഥാന ഭാരവാഹികളെ ഇതിനുപുറമേ delegates ആയി നൽകുവാനും ചർച്ചയിൽ നിർദ്ദേശം വന്നു. Delegates list ആഗസ്റ്റ് 20 നകം കേന്ദ്ര കമ്മിറ്റി ഓഫീസിൽ എത്തിക്കണം പതാകദിനം ആചരിക്കണം. സംസ്ഥാന സമ്മേളനത്തിനുവേണ്ടി പുതിയ അക്കൗണ്ട് എറണാകുളത്ത് തുടങ്ങാൻ നിർദ്ദേശം വന്നു.

ജനറൽ സെക്രട്ടറി യൂണിയൻ പ്രവർത്തനം നടത്തുന്നത് തടസ്സപ്പെടുത്തി ബോർഡ് ഉത്തരവ് ഇറക്കിയെങ്കിലും അത് ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. എന്നാൽ മേൽ ഉത്തരവിൻമേൽ വ്യക്തത ആവശ്യപ്പെട്ട് ബോർഡ് വീണ്ടും ഉത്തരവിറക്കിയിരുന്നു. ഇതിൻ്റെ വാദം കോടയിതിൽ നടന്നിട്ടില്ലാത്തതിനാൽ ചർച്ചകളിൽ പങ്കെടുക്കുന്നതിനും duty attendance ഒപ്പിടുന്നതുൾപ്പടെയുള്ള കാര്യങ്ങൾക്കുമായി Bye-law പ്രകാരം സംസ്ഥാന സെക്രട്ടറി കെ.സി.രാജന് മേൽ വിഷയങ്ങളിൽ താൽക്കാലിക ചാർജ് നൽകണമെന്ന് ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടു. ഇനിമേലുള്ള ബോർഡുതല ചർച്ചകളിൽ സംസ്ഥാന ഭാരവാഹികൾ മാറി മാറി പങ്കെടുക്കണമെന്നും നിർദ്ദേശം വന്നു. CEA റെഗുലേഷൻ്റെ കാര്യത്തിൽ APTEL ൽ ബോർഡിനൊപ്പം ജീവനക്കാർക്കുവേണ്ടി നിലകൊള്ളണമെന്ന് നിർദ്ദേശം വന്നു. വനിതകൾക്ക് പ്രൊട്ടക്ഷൻ ലഭിക്കാത്തതിലുള്ള പ്രതിഷേധം വനിതാ പ്രതിനിധി രേഖപ്പെടുത്തി. ജനറൽ ട്രാൻസ്ഫർ അപാകതകൾക്കെതിരെ പ്രതിഷേധ ധർണ്ണ നടത്തുന്നതും ചർച്ച ചെയ്തു. തിരുവനന്തപുരം ജില്ലാ വർക്കിംഗ് പ്രസിഡൻ്റ് ആർ.അജിത്കുമാറിൻ്റെ സസ്പെൻഷന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കണം. ഈ വിഷയം ഗൗരവമായി കാണണമെന്ന് ചർച്ച ചെയ്തു.

മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് കൗൺസിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ അംഗീകരിച്ചു.

1. ബോർഡുതലത്തിലുള്ള ചർച്ചകൾ, സംസ്ഥാന സമ്മേളനം, മറ്റ് ഓഫീസ് ആവശ്യമുള്ള വിഷയങ്ങളിൽ ജനറൽ സെക്രട്ടറിക്ക് പകരം സംസ്ഥാന സെക്രട്ടറി കെ.സി. രാജന് താൽക്കാലിക ചുമതല നൽകി. തുടർ ചർച്ചകളിൽ സംസ്ഥാന ഭാരവാഹികൾ എല്ലാവരും മാറി മാറി പങ്കെടുണമെന്നും തീരുമാനിച്ചു.
2. 16.8.2017 ന് ഡിവിഷൻ തലത്തിൽ ജനറൽ ട്രാൻസ്ഫർ അപാകതകൾക്കെതിരെ പ്രതിഷേധ ധർണ്ണ നടത്തുവാൻ തീരുമാനിച്ചു.
3. സംസ്ഥാന സമ്മേളനത്തിന്റെ വിജയത്തിനുവേണ്ടി വിവിധ കമ്മിറ്റികൾ രൂപീകരിക്കുവാനും ഈ കമ്മിറ്റികൾ വിവിധപരിപാടികൾക്ക് രൂപം നൽകണമെന്നും തീരുമാനിച്ചു. KEEC യുടെ മറ്റ് വിഭാഗങ്ങളെ മാതൃ സംഘടനയോട് ചേർക്കുവാൻ തീരുമാനിച്ചു.
4. പതാകദിനം 31.8.2017 ൽ നടത്തുവാൻ തീരുമാനിച്ചു.
5. Delegates List ആഗസ്റ്റ് 20 നകവും Fund ഏപ്രിൽ 25 നു 30നും ഇടയ്ക്ക് (ഒരംഗത്തിന് 500 രൂപ വച്ചുള്ള തുക) എത്തിക്കാൻ തീരുമാനിച്ചു. ഒരേ ഡിവിഷന്റെയും ആനുപാതിക പ്രതിനിധികളുടെ എണ്ണം മുൻ സംസ്ഥാന കൗൺസിൽ തീരുമാനംപോലെ 15 അംഗത്തിന് ഒരു പ്രതിനിധിയും fraction ന് 1 പ്രതിനിധി എന്ന കണക്കിന് കൗൺസിൽ അംഗീകരിച്ചു. നിലവിലുള്ള സംസ്ഥാന ഭാരവാഹികൾ മേൽ അനുപാതത്തിന് പുറമേയുള്ള പ്രതിനിധികളാണെന്നും കൗൺസിൽ തീരുമാനിച്ചു.
6. സംസ്ഥാന സമ്മേളനത്തിന്റെ Fund സ്വരൂപിക്കുന്നതിലേയ്ക്കായി എറണാകുളത്ത് ജനറൽ സെക്രട്ടറി/ചാർജുള്ള സെക്രട്ടറി, ട്രഷറർ/എറണാകുളം ജില്ലാ സെക്രട്ടറി കെ.എൻ.മോഹനൻ എന്നിവരുടെ പേരിൽ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ സംസ്ഥാന സമ്മേളനം അക്കൗണ്ട് തുടങ്ങുവാനും Aug 20 നകം Account Number എല്ലാ ഡിവിഷൻ കമ്മിറ്റികൾക്കും നൽകുവാനും തീരുമാനിച്ചു. എല്ലാ കമ്മിറ്റികളും തുക ബാങ്കിലടച്ച് original receipt കൈവശം വച്ചതിനുശേഷം കോപ്പി സംസ്ഥാന കമ്മിറ്റി ആഫീസിൽ കൊറിയർ വഴി എത്തിക്കുവാനും തീരുമാനിച്ചു.
7. CEA റെഗുലേഷൻ KSEBL നൊപ്പം APTEL ൽ appeal കക്ഷി ചേരുവാനും തീരുമാനിച്ചു. ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഉച്ച കഴിഞ്ഞ് 3.30 ന് സ്വാഗതസംഘം കമ്മിറ്റി പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. DCC പ്രസിഡന്റ് റ്റി.ജെ. വിനോദ് യോഗം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. സ്വാഗതസംഘം ചെയർമാനായി DCC പ്രസിഡന്റ് റ്റി.ജെ. വിനോദിയെും വൈസ് ചെയർമാനായി ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസിനെയും ജനറൽ കൺവീനറായി പ്രസിഡന്റ് കെ.പി.ധനപാലനെയും തിരഞ്ഞെടുത്തു. എല്ലാ കമ്മിറ്റികളുടെയും കൺവീനർമാരായി സംസ്ഥാന ഭരവാഹികളെയും മറ്റ് സീനിയർ വർക്കിംഗ് കമ്മിറ്റി അംഗങ്ങളെയും ഉൾപ്പെടുത്താൻ തീരുമാനിച്ചു.എറണാകുളം ജില്ലയിലെ വിവിധ ഡിവിഷൻ/ജില്ലാ ഭാരവാഹികളെ സ്വാഗതസംഘം കമ്മിറ്റിയിൽ അംഗങ്ങളാക്കുവാനും തീരുമാനിച്ചു.

വിശ്വാസപൂർവ്വം,

(signature)

ജനറൽ സെക്രട്ടറി